**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1653

06/03/2017 - ൽ മറുപടിക്ക്

## കുടുംബശ്രീയുടെ പ്രവർത്തന വിപുലീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി വീണാ ജോർജ്ജ്<br>ശ്രീ.വി.അബ്ദുറഹിമാൻ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.ബാബു | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീയുടെ പ്രവർത്തനം വിപുലീകരിച്ച് ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) ഉണ്ട്;<br><br>* കുടുംബശ്രീ സംഘടന സംവിധാനത്തെ സമയ ബന്ധിതമായി നവീകരിക്കുക എന്ന ലക്ഷ്യത്തോടെ 'ദിശ' ക്യാമ്പെയിന് തുടക്കം കുറിച്ചു. കുടുംബശ്രീയുടെ അംഗസംഖ്യ 50 ലക്ഷമാക്കി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ദിശ ക്യാമ്പയിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു.<br>* അയൽക്കൂട്ട അംഗങ്ങൾക്ക് കുടുംബശ്രീ പ ദ്ധതികളെപ്പറ്റി പൂർണമായ അറിവ് നൽകുന്നതിന് കുടുംബശ്രീ സ്കൂൾ പദ്ധതി ആരംഭിക്കുന്നതാണ്.<br>* വയോജന അയൽക്കൂട്ടം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള അയൽക്കൂട്ടം. എസ്.സി, എസ്.റ്റി, ന്യൂനപക്ഷം, തീരദേശം, ട്രാൻസ് ജെൻഡർ, അന്യസംസ്ഥാന തൊഴിലാളികൾ, വിധവകൾ എന്നീ വിഭാഗങ്ങളിലേക്ക് കൂടുതൽ അയൽക്കൂട്ടങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. നിലവിൽ പുതുതായി 3956 പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. |
| (ബി) കാർഷിക മേഖലയിലെ വികസനത്തിനും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും കുടുംബശ്രീ യൂണിറ്റുകളുടെ ഇടപെടൽ എത്രമാത്രം ഫലപ്രദമായിട്ടുണ്ട്; | (ബി) കുടുംബശ്രീ മുഖേന കേരളത്തിലെ തരിശുഭൂമികൾ കണ്ടെത്തുകയും 6,938 ഏക്കർ തരിശുഭൂമിയിൽ കൃഷി ചെയ്യുകയും ചെയ്തു. കുടുംബശ്രീ വഴി ഭക്ഷ്യ സ്വയംപര്യാപ്തത നേടാനായി 2006 മുതൽ സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിക്കുകയും പാട്ടത്തിനായി ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുകയും<br><br>ചെയ്തുവരുന്നു. നിലവിൽ 59,478 ഗ്രൂപ്പുകൾ 43,375 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്തു വരുന്നു. സംസ്ഥാനത്ത് വിഷവിമുക്തമായ പ ച്ചക്കറികളും പഴവർഗ്ഗങ്ങളും ലഭ്യമാക്കാൻ ഉതകുന്ന പദ്ധതികളുടെ ഭാഗമായി കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങൾ അവരുടെ പ്രദേശത്ത് ആവശ്യമുള്ള പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനായി 'പൊലിവ്' എന്ന പേരിൽ സംഘകൃഷി നടത്തുന്നതിനുള്ള പദ്ധതി |

നടപ്പാക്കിയിട്ടുണ്ട്. അയൽക്കൂട്ടങ്ങൾ വഴി ചുരുങ്ങിയത് 3 സെന്റിൽ 152000 ഗ്രൂപ്പുകൾ ഇതിലൂടെ കൃഷി ചെയ്യുകയും ചെയ്തു. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 7287 കുളങ്ങൾ കുടുംബശ്രീ മുഖേന വൃത്തിയാക്കി.

(സി) അയൽക്കൂട്ടം പ്രവർത്തനങ്ങളെ നവീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാം;

(സി) അയൽക്കൂട്ട പ്രവർത്തനങ്ങളെ നവീകരിക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായി കേരളത്തിലെ സ്വയം വിലയിരുത്തൽ നടത്തിയ മുഴുവൻ അയൽക്കൂട്ടങ്ങളിൽ നിന്നും 80 മാർക്കിനു മുകളിൽ മാർക്ക് വാങ്ങിയ അയൽക്കൂട്ടങ്ങളെ കുടുംബശ്രീയുടെ പരിശീലന ഗ്രൂപ്പുകളെ ഉപയോഗിച്ച് വീണ്ടും വിലയിരുത്തൽ നടത്തുന്നതാണ്. പ്രസ്തുത വിലയിരുത്തലിൽ 80 മാർക്ക് ലഭിച്ച അയൽക്കൂട്ടങ്ങളെ മെന്റർ അയൽക്കൂട്ടങ്ങളായി തെരഞ്ഞെടുക്കുകയും പ്രസ്തുത മെന്റർ അയൽക്കൂട്ടങ്ങളെ ഉപയോഗിച്ച് മോശം അയൽക്കൂട്ടങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യുന്നതാണ്. കൂടാതെ അയൽക്കൂട്ടങ്ങളെ കുടുംബശ്രീ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന് കുടുംബശ്രീ സ്കൂൾ എന്ന പദ്ധതിയും നടപ്പിലാക്കുന്നതാണ്.

(ഡി) സാമൂഹ്യ സുരക്ഷാ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കുടുംബശ്രീയെ ഏതു തരത്തിൽ ഇടപെടുത്താൻ സാധിക്കുമെന്നാണ് കരുതുന്നത്; വിശദാംശം ലഭ്യമാക്കുമോ?

(ഡി) നിലവിൽ സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന്റെ ഭാഗമായുള്ള സർവേ പ്രവർത്തനങ്ങൾ കുടുംബശ്രീ അംഗങ്ങൾ വഴിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. കൂടാതെ കേന്ദ്ര സംസ്ഥാന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ ആർ.എസ്.ബി.വൈ/ചിസ് ക്യാമ്പയിനും കുടുംബശ്രീ അംഗങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. സർക്കാർ നടപ്പിലാക്കുന്ന വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികളെ കുറിച്ചുള്ള അവബോധം ജനങ്ങളിൽ എത്തിക്കാനും അതിന്റെ ഗുണഫലം അർഹരായവർക്ക് പരമാവധി ലഭ്യമാക്കാനും കുടുംബശ്രീ സംവിധാനത്തെ ഉപയോഗപ്പെടുത്താവുന്നതാണ്.

സെക്ഷൻ ഓഫീസർ